## കായംകുളം നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ

**ഹാജർ: ഡി.ജയകുമാർ**

കായംകുളം നഗരസഭ – **സേവനാവകാശ നിയമം 2012** – നിയുക്ത ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവ് ആകുന്നത് സംബന്ധിച്ച്.

---

നം. എ 2 – 4389/13 | കായംകുളം, തീയതി : 28.04.2016

---

പരാമർശം : (1) ബഹു.കേരള സർക്കാരിന്റെ 01.01.2013 ലെ സ:ഉ(എം.എസ്) നം. 02/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

(2) നഗരസഭാ കൗൺസിലിന്റെ 25.09.2013 ലെ 1–ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കേരള സംസ്ഥാന സേവനാവകാശ നിയമം 2012 കേരള ഗസറ്റ് (അസാധാരണം) ആയി 06.08.2012 ൽ പ്രസിദ്ധപ്പെടുത്തിയതായ് (1) –ാം സൂചന ഉത്തരവിൽ വ്യക്തമാക്കീട്ടുണ്ട്. ബഹു: നഗരകാര്യ ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും, നഗരകാര്യ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന സേവനങ്ങൾ, അവ നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ, സമയ പരിധി, 1 –ാം അപ്പീൽ അധികാരി, 2 –ാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ചും ഒന്നാം സൂചന ഉത്തരവിൽ വ്യക്തമാക്കീട്ടുണ്ട്. രണ്ടാം സൂചന തീരുമാന പ്രകാരം നഗരസഭാ കൗൺസിലും ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്.

മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ കായംകുളം നഗരസഭയിൽ നിന്നും പൊതുജനങ്ങൾക്കായി നൽകുന്ന വിവിധ സേവനങ്ങളെ സംബന്ധിച്ചും അവ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രദാനം ചെയ്യുന്നതിലേയ്ക്കും ചുവടെ പറയുന്ന പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരമാകുന്നു.

(1) സേവനാവകാശ നിയമം 2012 പ്രകാരം കായംകുളം നഗരസഭയുമായി ബന്ധപ്പെട്ട് സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളുടെ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് അതാതു ദിവസം ബന്ധപ്പെട്ട വകുപ്പു മേധാവികൾ കണ്ട് അതാത് സെക്ഷൻ ക്ലാർക്കുമാർക്ക് വിതരണം നടത്തുവാനായി തപാൽ ക്ലാർക്ക് ശ്രീമതി നസീല.എ യെ ചുമതലപ്പെടുത്തുന്നു.

(2) സേവനാവകാശ നിയമം 2012 പ്രകാരം നഗരസഭയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ ടി നിയമ പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിലേയ്ക്ക് ആവശ്യമായ ഫയൽ വർക്കുകൾ പൂർത്തിയാക്കി ബന്ധപ്പെട്ട വകുപ്പു മേധാവികൾക്കും, സെക്രട്ടറിക്കും സമർപ്പിക്കുന്നതിന് എല്ലാ സെക്ഷൻ ക്ലാർക്കുമാരേയും ചുമതലപ്പെടുത്തുന്നു.

(3) സേവനാവകാശനിയമം 2012 പ്രകാരം കായംകുളം നഗരസഭയിൽ നിന്നും പൊതുജനങ്ങൾക്ക് കൊടുക്കേണ്ട സേവനങ്ങൾക്ക് നിയുക്തരായ സെക്രട്ടറി ഒന്നാം അപ്പീൽ അധികാരിയും റവന്യു ഇൻസ്പെക്ടർ/റവന്യു ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ, വെറ്റിനറി സർജൻ, ജനനമരണ രജിസ്ട്രാർ , അസി. എൻജിനീയർ, മുനി. എഞ്ചിനീയർ എന്നിവരെ ടി നിയമപ്രകാരം അയച്ചുതന്ന പട്ടികയിൽ അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന ചുമതലകൾ നിശ്ചിത സമയപരിധിക്കകം തീർപ്പാക്കുന്നതിന് ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നം. | സേവനം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | **കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്** | **5 ദിവസം** | **എസ്സ്.ഗോപാലകൃഷ്ണപിള്ള (റവന്യൂ സൂപ്രണ്ട്)** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 2. | **റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്** | ,, | **എസ്സ്.ഗോപാലകൃഷ്ണപിള്ള (റവന്യൂ സൂപ്രണ്ട്)** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 3. | **പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തുന്നത്** | **15 ്വിവസം** | **1. ജി.രാജേഷ് (RI) 1 ST Zone.<br>2.ആർ.സി.രാജേഷ്കുമാർ (RI) 2 nd Zone.** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 4. | **കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ** | **15 ദിവസം** | **മുനിസിപ്പൽ സെക്രട്ടറി** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 5. | **കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്** | **7 ദിവസം** | **മുനിസിപ്പൽ സെക്രട്ടറി** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 6. | **കെട്ടിട നികുതി ചുമത്തിയതിൻമേലുള്ള റിവിഷൻ ഹർജി** | **20 ദിവസം** | **മുനിസിപ്പൽ സെക്രട്ടറി** | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 7. | <u>നികുതി ഒഴിവാക്കൽ</u><br>a) ഒഴിഞ്ഞുകിടക്കുന്നതു മൂലം വസ്തുനികുതി ഇളവുകൾ | അർദ്ധ വർഷം കഴിഞ്ഞ് 30 ദിവസത്തിനകം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| | b) വിമുക്ത ഭടൻമാർക്ക് അവരുടെ പേരിലുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ | 30 ദിവസത്തിനകം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 8. | പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ | 15 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 9. | തൊഴി ൽ നികുതി നിശ്ചയിച്ചതിന്മേലുള്ള ഹർജി | 15 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 10. | ബാനറുകളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ | 30 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 11. | ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 15 ദിവസം | പി.വി.ഐസക്ക് ഹെൽത്ത് സൂപ്പർവൈസർ അപേക്ഷയിന്മേൽ അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 12 | നിലവിലുള്ള ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | 7 ദിവസം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ & എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 13. | വാർദ്ധക്യകാല പെൻഷൻ സംബന്ധിച്ച അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 60 ദിവസം | 1. ജി.രാജേഷ് (RI) $1^{ST}$ Zone.<br>2.ആർ.സി.രാജേഷ്കുമാർ (RI) $2^{nd}$ Zone. | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 14. | അഗതി പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും) | 60 ദിവസം | 1. ജി.രാജേഷ് (RI) $1^{ST}$ Zone.<br>2.ആർ.സി.രാജേഷ്കുമാർ (RI) $2^{nd}$ Zone. | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 15. | വികലാംഗ പെൻഷൻ / കർഷകത്തൊഴിലാളി/ പെൻഷൻ/ 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ/ തൊഴിൽ രഹിത വേതനം | 60 ദിവസം | എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 16. | സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ അന്വേഷണ റിപ്പോർട്ട് | 7 ദിവസം | എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് (കോമ്പൗണ്ട് വാൾ, കിണർ, ടെലികോം ടവർ എന്നിവയ്ക്കും | 30 ദിവസം | 300 ച.മീ. വരെ ശശിധരൻ നായർ, എ.ഇ 301 മുതൽ 750 വരെ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | ബാധകമാണ്) | | ശ്രീമതി.ഷൈനി, എ.എക്സ്.ഇ, 751 ച.മീ മുതൽ സെക്രട്ടറി | | |
| 18 | പൂർത്തിയാക്കിയ നിർമ്മാണങ്ങൾക്ക് ഒക്യുപൻസി നൽകിയത് | 15 ദിവസം | 300 ച.മീ. വരെ ശശിധരൻ നായർ, എ.ഇ 301 മുതൽ 750 വരെ ശ്രീമതി.ഷൈനി, എ.എക്സ്.ഇ, 751 ച.മീ മുതൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 19 | നിർമ്മാണ പ്രവർത്തികളുടെ കാലാവധി പുതിക്കൽ | 15 ദിവസം | 300 ച.മീ. വരെ ശശിധരൻ നായർ, എ.ഇ 301 മുതൽ 750 വരെ ശ്രീമതി.ഷൈനി, എ.എക്സ്.ഇ, 751 ച.മീ മുതൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 20 | കമാനങ്ങളും ബോർഡുകളും സ്ഥാപിക്കുന്നതിന് അനുമതി നൽകിയത് | 7 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 21 | നഗരസഭാ വക പാർക്കുകൾ/ ഹാളുകൾ അനുവദിക്കൽ | അന്നു തന്നെ അനുവാദം നൽകുന്നു | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 22 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ | 15 ദിവസം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 23 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ/ ഡ്യൂപ്ലിക്കറ്റ് സർട്ടിഫിക്കറ്റ്/ രജിസ്ട്രേഷൻ പുതുക്കൽ | 15 ദിവസം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ, എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 24 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച അപ്പീൽ | 60 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 25. | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് (ഡി & ഒ), ലൈസൻസ് പുതുക്കൽ | 30 ദിവസം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ, എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 26 | ആവി ശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടേണ്ട | 45 ദിവസം | മുനിസിപ്പൽ സെക്രട്ടറി അന്വേഷണ റിപ്പോർട്ട് | നഗരകാര്യ മേഖലാ ജോയിന്റ് | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | ഫാക്ടറിയോ വർക്ക്ഷോപ്പോ / ജോലി സ്ഥലമോ നിർമ്മിക്കാനുള്ള അനുവാദം നൽകൽ | | എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 | ഡയറക്ടർ | |
| 27 | അപകടകരമായ വൃക്ഷങ്ങളെ കുറിച്ചുള്ള പരാതികൾ | ആദ്യ നോട്ടീസ് 7 ദിവസത്തിനകം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 28 | ശല്യങ്ങൾ സംബന്ധിച്ചപരാതികൾ (മലിനജലം, പുകശല്യം, മാലിന്യ ശല്യം, ശബ്ദശല്യം, കുടിവെള്ളം മലിനപ്പെടൽ | ആദ്യ നോട്ടീസ് 7 ദിവസത്തിനകം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ അന്വേഷണ റിപ്പോർട്ട് എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 29 | വളർത്തു നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പും ഹെൽത്ത് കാർഡും | അന്നു തന്നെ നൽകുന്നു | വെറ്റനറി സർജൻ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 30 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | 5 ദിവസം | വെറ്റനറി സർജൻ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 31 | സിനിമ തീയറ്ററിനുള്ള ലൈസൻസ് (കെ.സി.ആർ ആക്ട് പ്രകാരം) ആദ്യമായി എടുക്കൽ | 60 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 32 | സിനിമ തീയറ്ററിനുള്ള ലൈസൻസ് പുതുക്കൽ | 30 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 33 | ഹോട്ടൽ പരിശോധന (പരാതിയിന്മേൽ) | അന്നേദിവസം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ, എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എ.ബി.ഷാജഹാൻ വി.കൃഷ്ണകുമാർ (ജെ.എച്ച്.ഐ 1), | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 34 | കെട്ടിട നിർമ്മാണാവശിഷ്ടം, ഗാർഡൻ മാലിന്യം/സെപ്റ്റിക് ടാങ്കിലെ മാലിന്യം നീക്കം ചെയ്യൽ | 3 ദിവസം | എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 35 | ആംബുലൻസ് സേവനം ലഭിക്കുന്നതിന് | തൽസമയം | പി.വി.ഐസക്ക്, ഹെൽത്ത് സൂപ്പർ വൈസർ & എൽ.സലീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 36 | ജനനം, മരണം, നിർജ്ജീവ ജനനം എന്നിവയുടെ രജിസ്ട്രേഷൻ | 1.കിയോസ്ക് വഴി ഒരു ദിവസം 2.മറ്റുള്ളവ 15 ദിവസം | ഐ.അനീസ്, ജെ.എച്ച്.ഐ2 | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 37 | ജനനം, മരണം, രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് | 7 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 38 | ദത്തെടുത്ത കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് | 7 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 39 | ജനന മരണ രജിസ്ലറിൽ കുട്ടിയുടെ പേര് ചേർക്കുന്നതിന് | 5 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 40 | ജനന മരണ രജിസ്ലറിൽ തിരുത്തൽ വരുത്തുന്നതിന് | 15 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 41 | സെക്ഷൻ 17 പ്രകാരമുള്ള സർട്ടിഫിക്കറ്റ് | 15 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 42 | മറ്റ് സ്ഥലങ്ങളിൽ ജനിച്ച് നഗരസഭാ പരിധിയിൽ താമസിക്കുന്നർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്(ഐഡന്റിറ്റി സർട്ടിഫിക്കേഷൻ സർട്ടിഫിക്കറ്റ്) | 15 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 43 | വിവാഹ രജിസട്രേഷൻ | 7 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 44 | വിവാഹ രജിസ്ട്രേഷൻ (30 ദിവസം കഴിഞ്ഞ് അപേക്ഷ നൽകുന്നതിന്) | ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം 7 ദിവസം | മുനിസിപ്പൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 45 | വിവാഹ സർട്ടിഫിക്കറ്റ് | 7 ദിവസം | റ്റി.കെ.ദിലീപ് കുമാർ. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 & രജിസ്ട്രാർ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 46 | കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റ് നൽകൽ | 30 ദിവസം (അപേക്ഷകളിൽ എന്തെങ്കിലും ന്യൂനതയുള്ള പക്ഷം 7 ദിവസത്തിനകം അപേക്ഷകനെ അറിയിക്കുന്നതാണ്) | 300 ച.മീ. വരെ ശശിധരൻ നായർ,എ.ഇ 301 മുതൽ 750 വരെ ശ്രമതി.ഷൈനി, എ.എക്സ്.ഇ, 751ച.മീ മുതൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 47 | കെട്ടിടങ്ങൾക്കുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകൽ | അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം | 300 ച.മീ. വരെ ശശിധരൻ നായർ,എ.ഇ 301 മുതൽ 750 വരെ ശ്രമതി.ഷൈനി, എ.എക്സ്.ഇ, 751ച.മീ മുതൽ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 48 | സൂപ്പർവൈസർ ലൈസൻസ് നൽകൽ | 30 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 49 | സൂപ്പർവൈസർ ലൈസൻസ് പുതുക്കൽ | 15 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 50 | ഐഡന്റിറ്റി കാർഡ് / സർട്ടിഫിക്കറ്റ് നഷ്ടപെട്ടാൽ ഡ്യൂപ്ലിക്കേറ്റ് | 15 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

കായംകുളം നഗരസഭയിലെ സേവനാവകാശ നിയമം 2012 പ്രകാരം പൊതുവായ് സ്വീകരിക്കുന്ന അപേക്ഷകളിന്മേൽ തരം തിരിച്ച് വിതരണം ചെയ്യുമ്പോൾ ആയത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇ3 സെക്ഷനും, റവന്യൂ വിഭാഗത്തിൽ ആർ1 സെക്ഷനും ഹെൽത്ത് വിഭാഗത്തിൽ പി.എച്ച്1 സെക്ഷനും, ജനന മരണ വിഭാഗത്തിൽ സബ് രജിസ്ട്രാറും സ്വീകരിക്കേണ്ടതും അപേക്ഷകൾ എല്ലാം പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കി മറുപടി തയ്യാറാക്കി അപേക്ഷകർക്ക് അയച്ചു കൊടുക്കുവാനും ചുമതലപ്പെടുത്തുന്നു. എല്ലാ സെക്ഷനിലേയും രജിസ്റ്ററുകൾ എല്ലാ മാസവും പരിശോധിച്ച് സമയ പരിധി കൃത്യമായി പാലിക്കുന്നുണ്ടോ എന്നും, കൃത്യമായ മറുപടി അപേക്ഷകന് നൽകുന്നുണ്ടോ എന്നും, ആയത് പരിശോധിച്ച് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം സഹിതം വിശദമായ റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീ.എൻ.കൃഷ്ണൻ കുട്ടിയേയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. സേവനാവകാശ നിയമം പ്രകാരം ലഭിക്കുന്ന അപേക്ഷ നിശ്ചിത സമയ പരിധിക്കകം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷയിൽ കാലതാമസം നേരിട്ട ഓരോ ദിവസത്തിനും 250/- രൂപാ വീതം പരമാവധി 5,000/- രൂപ പിഴ ചുമത്തുന്നതിനും, നിയമലംഘനം നടത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ബഹു:സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതും ആയിരിക്കും.

മുനിസിപ്പൽ സെക്രട്ടറി

എല്ലാ ജീവനക്കാർക്കും

പകർപ്പ് :

ബഹു.മുനിസിപ്പൽ ചെയർമാന്റെ മേശപ്പുറം,
ബഹു.വൈസ് ചെയർമാന്റെ മേശപ്പുറം,
ആഡിറ്റ് സെക്ഷൻ,
അക്കൗണ്ടന്റ്,
എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ,
കരുതൽ ഫയൽ

.